**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 270** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്മാർട്ട് പി.ഡി.എസ്.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ സ്മാർട്ട് പി.ഡി.എസ്. നടപ്പിലാക്കുമ്പോൾ കേന്ദ്ര അരിവിഹിതം കുറയാൻ സാധ്യതയുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** സ്മാർട്ട് പി.ഡി.എസ്. സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാത്രം കേരളത്തിനുള്ള കേന്ദ്ര ഭക്ഷ്യധാന്യ വിഹിതം കുറയുന്ന സാഹചര്യമില്ല എന്നാണ് വിലയിരുത്തുന്നത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013പ്രകാരമുള്ള കവറേജ്, അർഹരായ ഗുണഭോക്താക്കളുടെ എണ്ണം, കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യ വിഹിതം അനുവദിക്കുന്നത്. സ്മാർട്ട് പി.ഡി.എസ്. മുഖേന റേഷൻ വിതരണ സംവിധാനത്തിന്റെ കാര്യക്ഷമത, സുതാര്യത, കൃത്യത എന്നിവ വർദ്ധപ്പിക്കുന്നതിനും അർഹരായ ഗുണഭോക്താക്കൾക്ക് കൃത്യമായ അളവിൽ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ യഥാർത്ഥ ഭക്ഷ്യധാന്യ ആവശ്യകത കണക്കിലെടുത്ത് ടൈഡ് ഓവർ വിഭാഗത്തിൽ അർഹമായ കേന്ദ്ര വിഹിതം ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരുമായി ആവശ്യമായ ആശയവിനിമയം നടത്തിവരുന്നു. കൂടാതെ, സ്മാർട്ട് പി.ഡി.എസ്. മുഖേന ഗുണഭോക്തൃ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനും പൊതുവിതരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**